# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

***നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *563  7/07/2014 ൽ മറുപടിക്ക്***

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ :<br>,, എളമരം കരീം :<br>,, ബി. സത്യൻ :<br>,, സാജു പോൾ : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വേണ്ടത്ര ജീവനക്കാരുടെ അഭാവം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ അഭാവം പദ്ധതി നിർവ്വഹണത്തെ ചിലയിടങ്ങളിലെങ്കിലും ബാധിച്ചിട്ടുണ്ട്. ഇപ്പോഴും സംസ്ഥാനത്തെ 202 ഗ്രാമ പഞ്ചായത്തുകളിൽ സ്വതന്ത്ര ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇല്ലെന്നത് ഒരു വസ്തുതയാണ്. |
| (ബി) | വേണ്ടത്ര ജീവനക്കാരുടെ അഭാവത്തിൽ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യപ്പെടുന്ന ക്ഷേമ പെൻഷനുകൾ യഥാസമയം കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; | (ബി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ജീവനക്കാരുടെ അഭാവത്തിൽ യഥാസമയം അപേക്ഷ നൽകാൻ കഴിയാത്തതിനാൽ നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ